**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ്- ഭരണപരം- പത്തനതിട്ട ഡിവിഷനിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.എസ്.ഷാജി-ക്ക് മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതന അവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.602/2025/TAXES** **തീയതി,തിരുവനന്തപുരം, 26-06-2025**

---

പരാമർശം:- 1. ശ്രീ.എസ്.ഷാജി 05.08.2020, 10.09.2024 തീയതികളിൽ സമർപ്പിച്ച അപേക്ഷകൾ

2. എക്സൈസ് കമ്മീഷണറുടെ 21.12.2024, 31.1.2025 തീയതികളിലെ EXC/2198/2020-XE8 നമ്പർ കത്തുകൾ.

**ഉത്തരവ്**

പത്തനതിട്ട ഡിവിഷനിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.എസ്.ഷാജി 19/03/2020 മുതൽ 02/08/2020 വരെ 137 ദിവസത്തേയ്ക്ക് മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതന അവധി ലഭിക്കുന്നതിനായും 01/05/2018 മുതൽ 17/03/2020 വരെ 687 ദിവസത്തേയ്ക്ക് മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതന അവധി ലഭിക്കുന്നതിനായും പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷകൾ പരാമർശം (2) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു.

**2)** സർക്കാർ ഈ വിഷയം പരിശോധിച്ചു. എക്സൈസ് കമ്മീഷണറുടെ ശിപാർശ പരിഗണിച്ച് പത്തനതിട്ട ഡിവിഷനിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.എസ്.ഷാജി-ക്ക് 01/05/2018 മുതൽ 17/03/2020 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക്

പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

ഡെപ്യൂട്ടി സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ.എസ്.ഷാജി, സിവിൽ എക്സൈസ് ഓഫീസർ (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) , തിരുവനനന്തപുരം, കേരളം
4. ധനകാര്യ വകുപ്പ് (19.06.2025-ലെ വ്യയം-ബി1/284/2025/ധന പ്രകാരം)
5. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസീദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/191/2024/നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Hemalatha Das
Date: 20-06-2025 15:57:12

സെക്ഷൻ ഓഫീസർ